മലങ്കര സഭാസ്മാണി

തോട്ടയ്ക്കാട് മാർ അപ്രേം പള്ളി പെരുന്നാൾ സപ്ലിമെന്റ് 2025 മാർച്ച് 07

മാർ അപ്രേം പെരുന്നാൾ ഇന്നും നാളെയും

തോട്ടയ്ക്കാട്: മാർ അപ്രേം പള്ളിയിൽ മാർ അപ്രേമിന്റെ ദുക്റോനോ പെരുന്നാളിന് മാർച്ച് 2-നു കൊടിയേറി. ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് കുർബാന അർപ്പിച്ചു. ദൈവാലയ നവീകരണ ശിലാസ്ഥാപനവും പെരുന്നാൾ കൊടിയേറ്റും മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

7-നു വൈകിട്ട് ആറിന് സന്ധ്യാ നമസ്ക്കാരം, രാത്രി ഏഴിന് പൊതുസമ്മേളനത്തിൽ ഗായിക നിത്യാ മാമ്മന് മാർ അപ്രേം പുരസ്കാരം ഏബ്രഹാം മാർ സ്തേഫാനോസ് സമ്മാനിക്കും. തുടർന്ന് യൂഹാനോൻ റമ്പാൻ കോർ എപ്പിസ്ക്കോപ്പായെ ആദരിക്കും. ചാണ്ടി ഉമ്മൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തും. ഏബ്രഹാം മാർ സ്തേഫാനോസ് അധ്യക്ഷത വഹിക്കും.

പ്രധാന പെരുന്നാൾ ദിനമായ എട്ടിന് രാവിലെ 8.15-ന് ഏബ്രഹാം മാർ സ്തേഫാനോസ് കുർബാന അർപ്പിക്കും. 10-ന് മാർ അപ്രേമിന്റെ സന്നിധിയിൽ കുഞ്ഞുങ്ങൾ ആദ്യക്ഷരം കുറിക്കും. 11-ന് ആശുപത്രി കവലയിലെ കുരിശടിയിലേക്കുള്ള പ്രദക്ഷിണം. 12-ന് വെച്ചൂട്ട് നേർച്ചയും കുഞ്ഞുങ്ങൾക്കുള്ള ആദ്യ ചോറൂണും നടക്കും.

മാർ അപ്രേമിന്റെ ഓർമ്മപെരുന്നാളിൽ നടത്തപ്പെടുന്ന പ്രധാന ചടങ്ങുകളിൽ ഒന്നാണ് വെച്ചൂട്ട്. ഈ വർഷം മാർച്ച് 8-ന് വി. കുർബാനയെ തുടർന്നാണ് വെച്ചുട്ട് നേർച്ച നടത്തപ്പെടുന്നത്. ചോറും കറികളും കൂടാതെ ഉപ്പേരിയും പപ്പടവും പായസവുമൊക്കെയായി ചെറിയ സദ്യവട്ടമായി വിശ്വാസികളെ പന്തിയിരുത്തി ഇലയിൽ വിളമ്പിക്കൊടുത്താണ് വെച്ചൂട്ട് നടത്താറുള്ളത്.

നാനാജാതി മതസ്ഥരായ അനേകർ വെച്ചൂട്ട് നേർച്ചയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു.

യൂഹാനോൻ റമ്പാന് മാർ അപ്രേം ഇടവകയുടെ ആദരവ് സമർപ്പണം

തോട്ടയ്ക്കാട്: അട്ടപ്പാടി സെന്റ് തോമസ് ആശ്രമം ഡയറക്ടർ എം. ഡി. യൂഹാനോൻ റമ്പാൻ കോറെപ്പിസ്കോപ്പായെ മാർ അപ്രേം ഓർത്തഡോക്സ് ഇടവക ആദരിക്കും. മാർച്ച് 7-ന് എബ്രഹാം മാർ സ്തേഫാനോസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ആദരവ് സമർപ്പിക്കും.

അട്ടപ്പാടി ആദിവാസി മേഖലയിൽ വർഷങ്ങളായി നടത്തുന്ന വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് റമ്പാച്ചനെ ആദരവിന് തെരഞ്ഞെടുത്തത്. പരുമല സെമിനാരി മാനേജർ, അഖില മലങ്കര യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



മാർ അപ്രേം അവാർഡ് നിത്യാ മാമ്മന്

തോട്ടയ്ക്കാട്: മാർ അപ്രേം ഓർത്തഡോക്സ് ഇടവകയുടെ മാർ അപ്രേം അവാർഡ് പ്രശസ്ത ചലച്ചിത്ര പിന്നണി ഗായികയും, മികച്ച ഗായികയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവുമായ നിത്യാ മാമ്മന്.

മാർച്ച് 7 വെള്ളിയാഴ്ച യുകെ., യൂറോപ്പ് , ആഫ്രിക്കാ ഭദ്രാസന മെത്രാപ്പോലീത്താ, എബ്രഹാം മാർ സ്തേഫാനോസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ അവാർഡ് സമ്മാനിക്കും. തിരുവനന്തപുരം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്

ദൈവാലയ നവീകരണ ശിലാസ്ഥാപനം

തോട്ടയ്ക്കാട്: മാർ അപ്രേം ദൈവാലയ നവീകരണ ശിലാസ്ഥാപനം 2025 മാർച്ച് രണ്ടിനു വി. കുർബ്ബാനയ്ക്കുശേഷം, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. എബ്രഹാം റമ്പാൻ (ദയാ ഭവൻ, ബാംഗളൂർ), കുര്യൻ ഉതുപ്പ് കോർ എപ്പിസ്കോപ്പ, ഫാ. ജോൺ പ്ലാപ്പറമ്പിൽ ഡോ. ഷാജി കെ. തോമസ്, ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ (വികാരി), ഫാ. മോൻസി വർഗീസ് പീടികപ്പറമ്പിൽ (സഹ വികാരി), മാണി സഖറിയ (ട്രസ്റ്റി), കുര്യൻ കെ മാത്യു (സെക്രട്ടറി) എന്നിവർ നേതൃത്വം നൽകി.

വിദ്യാരംഭം

വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായ മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാളായ മാർച്ച് 8-ന് ആ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ എബ്രഹാം മാർ സ്തേഫാനോസിന്റെ കരങ്ങളാൽ കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിക്കപ്പെടുന്നു. വിശദവിവരങ്ങൾക്ക് ദയവായി താഴെ നൽകുന്ന നമ്പരിൽ ബന്ധപ്പെടുക: **Ph: 9745450808, 9847968090**

സത്യവിശ്വാസ സംരക്ഷകൻ

ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ

(വികാരി)

പരിശുദ്ധാത്മാവിന്റെ കിന്നരമായ മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാൾ നാം ആചരിക്കുമ്പോൾ ആ വിശുദ്ധനെപ്പോലെ ദൈവത്തിന് ആരാധനയിലൂടെ നന്ദി അർപ്പിക്കുവാൻ സാധിക്കും. ദൈവത്തിനു വേണ്ടി സ്വയം ത്യാഗം സഹിച്ച് മനോഹരമായ ഗീതങ്ങൾ ഈണം നൽകി സുറിയാനി സഭയ്ക്ക് ആരാധിക്കുവാൻ തക്ക വിധം മനോഹരമായ ആരാധനക്രമം അദ്ദേഹം ചിട്ടപ്പെടുത്തി. ഈ വിശുദ്ധൻ ചിട്ടപ്പെടുത്തിയ ആരാധനാ ഗീതങ്ങളും, ഈണവും സ്വർഗ്ഗീയ അനുഗ്രഹമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. അതിനാൽ നാം ആരാധനയിലൂടെ സ്വർഗ്ഗീയർ ആയി ദൈവത്തെ മഹത്വപ്പെടുത്തുന്ന കൂട്ടമായി മാറും.

മഹാനായ കവി, അദ്ധ്യാപകൻ, വാഗ്മി, വിശ്വാസസംരക്ഷകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന ഏക സിറിയൻ ക്രിസ്ത്യാനിയാണ് അപ്രേം. തന്റെ കാലത്ത് വ്യാപകമായിരുന്ന നിരവധി തെറ്റായ സിദ്ധാന്തങ്ങളെ എതിർക്കുക എന്ന പ്രത്യേക ദൗത്യം അദ്ദേഹം സ്വയം ഏറ്റെടുത്തു. മാർ അപ്രേമിന് ദൈവത്തിൽ നിന്ന് വരദാനമായി അദ്ഭുതകരമായ ജ്ഞാനം ലഭിച്ചിരുന്നു. ശപിക്കുന്നവരുടെ ആത്മാവിൽ അനുതാപത്തിന്റെ മഞ്ഞു പെയ്യിച്ച് അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്ന് ദൈവകൃപ മാധുര്യനദിപോലെ ഒഴുകി. വ്യാജസിദ്ധാന്തങ്ങളും ശീശ്മകളും അബദ്ധ പ്രബോധനങ്ങളും സത്യവിശ്വാസത്തിന് വെല്ലുവിളി ഉയർത്തിയിരുന്ന കാലഘട്ടത്തിൽ മാർ അപ്രേം വിശ്വാസ സംരക്ഷണത്തിന് സർവ്വസജ്ജനായി രംഗത്തിറങ്ങി. സത്യവിശ്വാസ സംഹിതകളും സഭാപ്രബോധനങ്ങളും സംഗീത രൂപത്തിലാക്കി പ്രചരിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ ഓർമ്മ നമുക്ക് അനുഗ്രഹത്തിനായിരിക്കട്ടെ.

ആ മദ്ധ്യസ്ഥത ഇടവകയ്ക്കും ദേശത്തിനും പ്രകാശം പരത്തട്ടെ

ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ

(മുൻ സഹവികാരി)

പരിശുദ്ധ മാർ അപ്രേം പിതാവ് സുറിയാനി ആരാധനാഗീതങ്ങളിലൂടെ മനുഷ്യഹൃദയങ്ങളെ ദൈവത്തോട് ചേർത്ത് വെച്ച അതുല്യ വ്യക്തിത്വമാണ്. തോട്ടയ്ക്കാട് മാർ അപ്രേം പള്ളി ആ പരിശുദ്ധന്റെ നാമധേയത്തിൽ ആയത് ശ്രദ്ധേയവും ദൈവനിയോഗവുമാണ്. ദൈവാലയ ശിലാസ്ഥാപനം നടത്തിയ യൂയാക്കീം മാർ കൂറിലോസ് തിരുമേനി മൂന്നു പ്രാവശ്യം നറുക്കിട്ടപ്പോഴും 'മാർ അപ്രേം' എന്ന പേര് ലഭിച്ചു എന്ന് ചരിത്രത്തിൽ പറയുന്നു. ആ പരിശുദ്ധനുമായുള്ള ബന്ധത്തിൽ ഇടവകയിലെ പലർക്കും അപ്രേം എന്ന പേര് നൽകിയിട്ടുണ്ട്. പരിശുദ്ധനായ മാർ അപ്രേമിന്റെ പെരുന്നാൾ ഉചിതമായി ആചരിക്കുന്ന ദേവാലയങ്ങളിൽ ഒന്നാണ് തോട്ടയ്ക്കാട് അപ്രേം പള്ളി.

തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിലെ പ്രതിഷ്ഠാ പെരുന്നാൾ ഡിസംബർ മാസത്തിലാണ്. കാവൽ പിതാവായ മാർ അപ്രേമിന്റെ ഓർമ്മ എല്ലാ വർഷവും വലിയ നോമ്പിലെ ആദ്യ ശനിയാഴ്ചയാണ്. വലിയ നോമ്പിൽ വരുന്നതിനാൽ പെരുന്നാൾ ദിവസം വി. കുർബ്ബാന മാത്രം നടത്തുന്ന രീതിയാണ് ഉണ്ടായിരുന്നത്. വളരെ കുറച്ചുപേർ മാത്രം സംബന്ധിക്കും. എന്റെ ശുശ്രൂഷാ കാലയളവിൽ ഒരിക്കൽ ചക്കാല വാർഡിലെ ഒരു പ്രാർത്ഥനായോഗത്തിൽ, കാവൽപിതാവായ മാർ അപ്രേമിന്റെ പെരുനാൾ ഉചിതമായി ആചരിക്കണമെന്ന് യാദൃച്ഛികമായി പറഞ്ഞു. അപ്പോൾ തന്നെ കുറച്ചുപേർ അതിനു നേതൃത്വം എടുത്തു. വികാരിയായ വന്ദ്യനായ പ്ലാപ്പറമ്പിൽ ജോർജ് അച്ചൻ നല്ല ദർശനത്തോടെ അതിന് അനുവാദം നൽകി. വന്ദ്യ അച്ചനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അതുപോലെ ആദ്യ വർഷം തന്നെ വെച്ചൂട്ട് നേർച്ച നൽകാൻ നേതൃത്വം നൽകിയ ദിവംഗതനായ മാലത്ത് കൊച്ചുമോൻ, ചക്കംചിറ സണ്ണി തുടങ്ങിയ സുഹൃത്തുക്കളെ ഓർക്കുന്നു. മാർ അപ്രേമിന്റെ മദ്ധ്യസ്ഥത ഇടവകയ്ക്കും ദേശത്തിനും പ്രകാശം പരത്തട്ടെ.

മാർ അപ്രേം ഒരു അദൃശ്യ ശക്തി

മാണി സഖറിയാ ചേലമറ്റം

(ട്രസ്റ്റി)

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പരിശുദ്ധനാണ് മാർ അപ്രേം. ആ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യ ദൈവാലയമായ തോട്ടയ്ക്കാട് പള്ളി, ഇന്നും അതി ശോഭയിൽ നിൽക്കുന്നത്, ആ പിതാവിന്റെ സാന്നിധ്യം ഒന്നു കൊണ്ടു മാത്രം ആണ്. അത് നേരിൽ അനുഭവിച്ച ഒരുപാട് ആളുകളുടെ സാക്ഷ്യം ഇന്നും ഈ പ്രദേശത്തുണ്ട്. ആ പിതാവിന്റെ പെരുന്നാൾ ആചരിക്കുക വഴി, അതിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നത്, ഇടവകക്ക് മാത്രമല്ല, ഈ ദേശത്തിനും കൂടിയാണ്. ആയതു കൊണ്ട്, ഇന്നാട്ടിലെ മുഴുവൻ ആളുകളെയും 2025 മാർച്ച് 7, 8 തീയതികളിൽ നടക്കുന്ന പെരുന്നാൾ ചടങ്ങുകളിലേയ്ക്കും ഹാർദ്ദവമായി ക്ഷണിച്ചുകൊള്ളുന്നു.

മാർ അപ്രേം:

കത്തോലിക്കാ സഭയുടെയും പുണ്യാത്മാവ്

ഫിലിപ്പ് ചെറിയാൻ മാത്തൂർ

(സെന്റ് ജോർജ് കാത്തലിക് ചർച്ച്, തോട്ടയ്ക്കാട്)

സിറിയൻ സഭയിലെ പ്രമുഖ വേദപാരംഗതനാണ് കവിയും വാഗ്മിയും പരിശുദ്ധാത്മാവിന്റെ വീണയുമായ മാർ അപ്രേം. പൗരസ്ത്യ ഓർത്തഡോക്സ് സഭയിലും കത്തോലിക്കാ സഭയിലും അദ്ദേഹം ഏറെ ബഹുമാനിക്കപ്പെടുന്നു. കത്തോലിക്കാ സഭയിൽ മാർ അപ്രേം സഭയുടെ ഡോക്ടറായി ബഹുമാനിക്കപ്പെടുന്നു. ദൈവശാസ്ത്രത്തിനോ സിദ്ധാന്തത്തിനോ വലിയ സംഭാവനകൾ നൽകിയ വിശുദ്ധർക്ക് കത്തോലിക്കാ സഭ നൽകുന്ന പദവിയാണ് ഡോക്ടർ ഓഫ് യൂണിവേഴ്സൽ ചർച്ച്.

ആദ്യകാല ക്രിസ്ത്യൻ ആരാധനാക്രമവും സിദ്ധാന്തവും രൂപപ്പെടുത്തുന്നതിൽ മാർ അപ്രേം പ്രധാന പങ്ക് വഹിച്ചു. ദൈവശാസ്ത്രപരമായ അദ്ദേഹത്തിന്റെ രചനകൾ, ഗാനങ്ങൾ, കാവ്യാത്മക കൃതികൾ എന്നിവ ഇപ്പോഴും കത്തോലിക്കാ സഭയിൽ പരക്കെ ഉപയോഗിക്കുന്നു. ശുദ്ധമായ സുറിയാനി ഭാഷ കൈമുതലുണ്ടായിരുന്ന മാർ അപ്രേം എഴുതിയ അതിവിശിഷ്ട ഗ്രന്ഥങ്ങൾ അനേകരെ പാപജീവിതത്തിൽ നിന്ന് അകറ്റി. അദ്ദേഹത്തിന്റെ ജന്മദിനമായ ജൂൺ ഒൻപതിന് കത്തോലിക്കാ സഭയിൽ അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നു. മാർ അപ്രേമിന്റെ പാഠങ്ങൾ ഇന്നും ക്രിസ്തീയ വിശ്വാസികളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേയ്ക്ക് നയിക്കുന്നു.

അപ്രേം പള്ളിയിലെ നേർച്ചകൾ

1. കൊടി, മുത്തുക്കുട, കുരിശ്, നേർച്ച, അടിമ.
2. പള്ളിയകത്ത് വിളക്കിൽ 7 തിരിയിട്ട് എള്ളെണ്ണയിൽ തിരി തെളിയിക്കുക.
3. 13 നോമ്പ് എടുത്ത് കൽകുരിശിങ്കൽ 12 ദിവസവും മെഴുകുതിരി കത്തിക്കുകയും 13-ാമത്തെ ദിവസം ചുറ്റുവിളക്ക് കത്തിക്കുകയും ചെയ്യുക.

ഓർമ്മകൾക്കു മുമ്പിൽ പ്രണാമം

അപ്രേം പെരുന്നാളിന് ആരംഭം മുതലേ നമ്മോടൊത്തു പ്രവർത്തിച്ച് നമ്മിൽ നിന്നു വിട്ടുപിരിഞ്ഞ് കർത്തൃസന്നിധിയിൽ പ്രവേശിച്ച



കൊച്ചുമോൻ മാലത്ത്



ബാബു ചക്കംചിറ

പരിശുദ്ധനായ മാർ അപ്രേമിനോടുള്ള പ്രാർത്ഥനയാൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി

കെ. യു. ജോൺ
പൊന്നമ്മ ജോൺ
കണ്ണൻതുരുത്തിൽ

പെരുന്നാൾ ആശംസകൾ
സെന്റ് ഡയനീഷ്യസ് ഫോറം
മാർ അപ്രേം യൂണിറ്റ്
തോട്ടയ്ക്കാട്

St. Dionysious Health Desk
സൗജന്യ
മെഡിക്കൽ ചെക്കപ്പ്
എല്ലാ മാസവും ആദ്യ ഞായറാഴ്ച മാർ അപ്രേം പള്ളിയിൽ സൗജന്യ ബ്ലഡ് ഷുഗർ, പ്രഷർ പരിശോധന നടക്കുന്നു.
ഫോൺ: 9446664921

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ജോയ്സ് തോട്ടയ്ക്കാട്
ശോഭ ജോയ്സ്
സോഫിയാ മേരി ജോയ്സ്
കണ്ണൻതുരുത്തിൽ

വി. മാർ അപ്രേം പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
മാരൂർ കുടുംബയോഗം
തോട്ടയ്ക്കാട്
മാത്തൂർ ശാഖ
പ്രാർത്ഥനാപൂർവ്വം :
ഇതര ശാഖകൾ: മാരൂർ, വെള്ളപ്ലാമുറിയിൽ, പുളിക്കൽ, കൊല്ലറാത്ത്, പടിഞ്ഞാറ്റയിൽ, കുരിശുംമൂട്ടിൽ, മാരൂർകടവിൽ, ഇടിമണ്ണിക്കൽ

മാർ അപ്രേം (306-373)

ഫാ. ഡോ. എം. പി. ജോർജ്

സുറിയാനിസഭ എക്കാലവും സ്മരിക്കുന്ന പിതാവാണ് മാർ അപ്രേം. എല്ലാ ശുശ്രൂഷകളിലും ആ പിതാവിന്റെ ഗാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. എ.ഡി. 306-ൽ റോമാ സാമ്രാജ്യത്തിന്റെ കിഴക്കേ അതിരായ 'നിസിബിസ്' എന്ന സ്ഥലത്ത് ജനിച്ചു. ജനനത്തീയതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസത്തിനുശേഷം നിസിബിസിലെ മെത്രാപ്പോലീത്താ ആയിരുന്ന മാർ യാക്കൂബ് അദ്ദേഹത്തെ സ്വീകരിക്കുകയും അവിടെവച്ച് വേദശാസ്ത്രവും ആദ്ധ്യാത്മികതയും പഠിച്ച് ഒരു പണ്ഡിതനായി അറിയപ്പെടുകയും ചെയ്തു. 325-ൽ കൂടിയ 'നിഖ്യാ സുന്നഹദോസിൽ' മാർ യാക്കൂബിനോടൊപ്പം മാർ അപ്രേം പോയിരുന്നു. നിസിബിസിൽ വച്ചുതന്നെ തന്റെ എഴുത്ത് ആരംഭിച്ചു. എന്നാൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി 'നിസിബിസ്' പേർഷ്യൻ ആധിപത്യത്തിലായി. തുടർന്നുണ്ടായ മതപീഡനം നിമിത്തം മാർ അപ്രേം എഡേസ്സായിലേക്കു പോയി അവിടെ വേദപുസ്തകം പഠിപ്പിക്കുവാനാരംഭിച്ചു.

എന്നാൽ എഡേസ്സായിൽ ചില വേദവിപരീതികളുടെ പ്രവർത്തനങ്ങളോട് മാർ അപ്രേം ശക്തിയായി പ്രതികരിച്ചു. മണി, മാർക്കിയോൻ, ബർദൈസാൻ, അറിയൂസ് തുടങ്ങിയവരുടെ ഗ്രൂപ്പുകൾക്കെതിരായിട്ടായിരുന്നു മാർ അപ്രേമിന്റെ പ്രവർത്തനം. ഒരു ശെമ്മാശ്ശനായി ജീവിച്ച മാർ അപ്രേം സമുന്നത ദയറാക്കാരനായി അറിയപ്പെട്ടിരുന്നു.

മാർ അപ്രേമിന്റെ എഴുത്തുകൾ

മാർ അപ്രേം എഡേസ്സായിൽ ഏകദേശം പത്തു വർഷത്തോളം താമസിച്ചു. ഈ സമയത്ത് വേദപുസ്തകവ്യാഖ്യാനങ്ങൾ, പ്രസംഗങ്ങൾ, പ്രാർത്ഥനകൾ തുടങ്ങി 52 കൃതികൾ അദ്ദേഹം എഴുതി. വേദശാസ്ത്രപരമായിട്ടുള്ള കാര്യങ്ങൾ എഴുതിയത് വേദവിപരീതികളുടെ പഠിപ്പിക്കലുകൾക്ക് തക്ക മറുപടിയായിട്ടായിരുന്നു. വി. ത്രിത്വത്തെക്കുറിച്ചും, വി. കുർബ്ബാനയെക്കുറിച്ചും, വി. ദൈവമാതാവിനെക്കുറിച്ചും ധാരാളം എഴുതിയിട്ടുണ്ട്. എന്തിനുവേണ്ടി എഴുതിയെന്നാൽ, മുന്നമേ പറഞ്ഞതുപോലെ വേദവിപരീതം ശക്തമായപ്പോൾ സത്യവിശ്വാസം എന്തെന്നറിയുവാൻ അദ്ദേഹം എഴുതി. ബർദൈസാൻ, ഹാർമോണിയസ്, അറിയൂസ് തുടങ്ങിയവർ തങ്ങളുടെ പഠിപ്പിക്കലുകൾ കവിതകളിൽ കൂടിയാണ് നടത്തിയിരുന്നത്. സാധാരണക്കാർക്ക് എളുപ്പം മനസ്സിലാക്കുവാൻ ഈ കവിതാരൂപങ്ങൾ സഹായിച്ചു. മാർ അപ്രേമും ഈ മാർഗ്ഗത്തിലൂടെയാണ് വേദവിപരീതത്തിനെതിരെ പോരാടിയത്.

മാർ അപ്രേം ഉപയോഗിച്ചിരുന്ന ശൈലി പലതായിരുന്നു. സുറിയാനി കവിതകൾ എബ്രായകവിതകൾ എന്നപോലെ പ്രത്യേക മാത്രയിൽ (Metere) ആണ് എഴുതിയിരുന്നത്.

വിവിധ മാത്രകളിൽ അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും കൂടുതൽ എഴുത്തുകളും ഏഴ് അക്ഷരകാല (Septa Syllabic) രൂപത്തിലാണ്. പിതാവായ ദൈവം സ്രഷ്ടാവാണെന്നും, പുത്രൻ അവനിൽനിന്ന് ജനിച്ചെന്നും, പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടി വന്ദിക്കപ്പെടുന്നവനാണെന്നുമുള്ള ദൈവശാസ്ത്രം അദ്ദേഹം സ്ഥിരീകരിച്ചു.

യേശുവിന്റെ ജനനത്തെപ്പറ്റി വിശദമായി വിവരിക്കുന്നുണ്ട്. പിതാവിൽനിന്ന് ജനിച്ച പുത്രൻ കന്യകമറിയാമിൽ നിന്ന് മനുഷ്യനായി അവതാരം ചെയ്തു. പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും തമ്മിൽ ചേർന്ന് ഒരു സ്വഭാവമായി (Hypostatic union) എന്ന് തന്റെ എഴുത്തുകളിൽ കാണുന്നു.

കന്യകമറിയാമിനോടുള്ള ആദരവ് എഴുത്തുകളിൽ കാണാം. കന്യാത്വത്തിന് ഊനമില്ലാതെ യേശുവിനെ പ്രസവിച്ചു എന്ന് നിർവിഘ്നം പറയുവാൻ സാധിച്ചു. വി. കുർബ്ബാനയെക്കുറിച്ചും വി. മാമോദീസായെക്കുറിച്ചും എഴുതി. കർത്താവിന്റെ വിലാവിൽനിന്ന് രക്തവും വെള്ളവും ഒഴുകിയത് വി. കുർബ്ബാനയെയും വി. മാമോദീസായെയും മുൻകൂട്ടി സൂചിപ്പിക്കുന്നതായി അദ്ദേഹം വ്യാഖ്യാനിച്ചു.

മാർ അപ്രേം സുറിയാനിസഭയുടെ തൂണ്, വി. റൂഹായുടെ കിന്നരം. വിശ്വാസ സംരക്ഷകൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു.

മാർ അപ്രേമിന്റെ ചില പ്രധാനപ്പെട്ട രചനകൾ

ഗദ്യം

1. ഉൽപ്പത്തിയെക്കുറിച്ചുള്ള വിവരണം അല്ലെങ്കിൽ പൂശോക്കോ (Commentary on Genesis).
2. പുറപ്പാടു പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനം അല്ലെങ്കിൽ തുർഗാമ (Exposition of Exodus).
3. നമ്മുടെ കർത്താവിനെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ (Discourses on our Lord).
4. മിസ്രേമിൽ വച്ചുള്ള മൂശേയുടെ അടയാളങ്ങൾ (Discourses on the signs which Moses performed in Egypt).

പദ്യം

(മെമ്രാകൾ)

1. ബർദൈസാനെതിരേ (Memre against Bardaisan).
2. യോനായെക്കുറിച്ചും നിനുവയരുടെ അനുതാപത്തെക്കുറിച്ചും.
3. പാപിനിയായ സ്ത്രീയെക്കുറിച്ച് (ലൂക്കോ. 7).

(മദറോശോകൾ)

1. വിശ്വാസത്തെ സംബന്ധിച്ച് (On faith).
2. നിസിബിസിനെക്കുറിച്ച്.
3. വിശ്വാസവിപരീതത്തിനെതിരേ (Against Heresy).
4. കന്യകത്വത്തെക്കുറിച്ച് (On virginity).
5. സഭയെക്കുറിച്ച് (On Church).
6. കർത്താവിന്റെ ജനനം, മാമോദീസാ എന്നിവയെ സംബന്ധിച്ച് (On Nativity).
7. പുളിപ്പില്ലാത്ത അപ്പത്തെ സംബന്ധിച്ച്.
8. പറുദീസായെ സംബന്ധിച്ച് (On Paradise).
9. ജൂലിയൻ ചക്രവർത്തിക്കെതിരായി.

❑

മദ്ധ്യസ്ഥതയാൽ അനുഗ്രഹം ലഭിച്ചു

എന്റെ മകൻ അമൽ കോവിഡ് കാലത്ത് ഗൾഫിൽ നിന്നും എത്തിയിട്ട് വളരെക്കാലം ജോലി ഇല്ലാതെ നാട്ടിൽ കഴിയേണ്ടി വന്നു. ഈ വിഷമഘട്ടത്തിൽ ഞങ്ങൾ പള്ളിയിൽ പോവുകയും പ്രാർത്ഥനയിൽ തന്നെ ശരണം പ്രാപിക്കയും ചെയ്തു. മൂന്നു വർഷത്തിലധികം ജോലി ഇല്ലാതെ ഇരുന്ന മോനുവേണ്ടി പരിശുദ്ധനായ അപ്രേം പിതാവിനോട് അപേക്ഷിച്ചു പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലത്താൽ എന്റെ മകൻ ഇന്ന് യൂറോപ്പിൽ നല്ല ജോലിയിൽ കഴിയുന്നു. ഇപ്പോൾ മൂന്നു വർഷങ്ങളായി അപ്രേം പിതാവിന്റെ പെരുന്നാളിൽ സംബന്ധിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും ഞങ്ങൾക്കു കഴിയുന്നു. പ്രയാസമനുഭവിക്കുന്നവരുടെ മദ്ധ്യസ്ഥനായി ഞങ്ങൾ അപ്രേം പിതാവിനെ കാണുന്നു.

അശ്വതി ജയിംസ്,
പുളിക്കപ്പെടവിൽ, തോട്ടയ്ക്കാട്

പരിശുദ്ധനായ മാർ അപ്രേം പിതാവിന്റെ പെരുന്നാളിൽ പതിനാറു വർഷത്തോളമായി പങ്കുകൊള്ളുവാനും ആദ്യ വർഷങ്ങളിൽ അതിന്റെ പ്രധാന പ്രവർത്തകരാകുവാനും ലഭിച്ച ഭാഗ്യം ഞങ്ങൾ സന്തോഷത്തോടെ ഓർക്കുന്നു. ഞങ്ങൾ അപ്രേം പള്ളി ഇടവകക്കാർ അല്ലാതിരുന്നിട്ടു കൂടി ഞങ്ങളെ ദൈവം അതിന് പ്രവർത്തിപ്പിച്ചത് ദൈവനടത്തിപ്പായി ഞങ്ങൾ കാണുന്നു. 2011-ലെ കടുത്ത വേനൽക്കാലത്ത് മാലത്ത് കൊച്ചുമോൻ അപ്രേം പെരുന്നാൾ വെച്ചൂട്ടിനെപ്പറ്റി പറയുകയും, നമ്മൾ തന്നെ പ്രവർത്തിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വെച്ചൂട്ടിനുള്ള ഇല 500 എണ്ണത്തോളം ഇവിടെനിന്നും ശേഖരിക്കുവാനുള്ള ബുദ്ധിമുട്ടുകൊണ്ട്, കൊച്ചുമോന്റെ കാനത്തിലെ അപ്പാപ്പന്റെ വാഴത്തോട്ടത്തിൽ നിന്നാണ് ഇലകൾ വെട്ടി കൊണ്ടുവന്നത്.

അങ്ങനെയുള്ള ഓരോ പ്രവർത്തനത്തിലും പങ്കാളികളാകുവാൻ സാധിച്ചു. ഇന്നും അനുഗ്രഹപ്രദമായി നടത്തുന്ന നമ്മുടെ ദേശത്തിന്റെ മദ്ധ്യസ്ഥനായ അപ്രേം പിതാവിന്റെ പെരുന്നാളിൽ ഞങ്ങൾ പങ്കുകൊള്ളുന്നു.

കുട്ടിയച്ചൻ ചാലിപറമ്പിൽ,
ബിജു പുളിമൂട്ടിൽ,
റെജിമോൻ മുണ്ടാക്കൽ,
കൊച്ചുമോൻ നെടുന്തറ

ഇരട്ടിബലത്തിന് ഡബിൾ വൈബ്രേറ്ററിൽ നിർമ്മിച്ച സിമന്റ് ഇഷ്ടികകൾക്ക്

അക്കരപറമ്പിൽ
ഹോളോ ബ്രിക്സ്

പരിയാരം പി.ഒ., ചെത്തിക്കുളം, കോട്ടയം-21

ഫോൺ: 9946803951

പെരുന്നാൾ ആശംസകൾ

Preethy Agencies
Thottackad

മാർ അപ്രേം: തോട്ടയ്ക്കാടിനു ദൈവം നൽകിയ മദ്ധ്യസ്ഥൻ

കുരുവിള സി. ജെ. ചക്കംചിറ

മാർ അപ്രേം ഗുഹയ്ക്കുള്ളിൽ പ്രാർത്ഥനയിലും ധ്യാനത്തിലും എഴുത്തിലും മുഴുകി കഴിഞ്ഞു എങ്കിലും അദ്ദേഹത്തിന്റെ ഖ്യാതി എല്ലായിടത്തും പരന്ന് കഴിഞ്ഞിരുന്നു. ആശ്രമവാസികൾ അപ്രേമിനെ ഗുഹയ്ക്കുള്ളിൽ ചെന്നു കാണുവാൻ ശ്രമിച്ചെങ്കിലും മറ്റുള്ളവരിൽ നിന്നകന്നിരിക്കാൻ ആണ് അദ്ദേഹം ശ്രമിച്ചത്. താഴ്വാരത്തിൽ തന്റെ ഒളിവിടത്തിൽ ഒരു ദൂതൻ അപ്രേമിന് പ്രത്യക്ഷനായി "അപ്രേമേ നീ എവിടേയ്ക്കാണ് ഓടുന്നത്" എന്ന് ചോദിച്ചു. അതിന് അപ്രേം "ഞാൻ ഈ ലോകത്തിലെ ബഹളത്തിൽ നിന്ന് മാറി ഏകാന്തതയിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു" എന്ന് മറുപടി പറഞ്ഞു. ദൂതൻ പറഞ്ഞു, "നുകം ഇഷ്ടപ്പെടാത്ത കാളക്കുട്ടിയെപ്പോലെ അപ്രേം എന്നിൽ നിന്ന് ഓടിപ്പോകുന്നു എന്നു നിന്നെക്കുറിച്ചു പറയാതിരിക്കുവാൻ സൂക്ഷിച്ചുകൊൾക." അപ്രേം സങ്കടത്തോടെ പറഞ്ഞു, "ഞാൻ ശക്തിഹീനനും അയോഗ്യനുമാണല്ലോ." "വിളക്കു കൊളുത്തി പറയിൻകീഴിലല്ല. എല്ലാവർക്കും പ്രകാശം കിട്ടുമാറ് തണ്ടിന്മേൽ അത്രെ വയ്ക്കുക" എന്ന് ദൂതൻ പറഞ്ഞ് അപ്രത്യക്ഷനായി.

ആരാലും അറിയപ്പെടരുതെന്ന് ആഗ്രഹിച്ച ആ പരിശുദ്ധൻ എ.ഡി. 373-ൽ മരണം പ്രാപിച്ചു. പക്ഷേ ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ അദ്ദേഹം എഴുതിയിട്ടുള്ള പ്രാർത്ഥനകളും ഗാനങ്ങളും പ്രചാരത്തിലായി. അദ്ദേഹം മരിച്ച് 1490 വർഷങ്ങൾ കഴിഞ്ഞ് മാലാഖയുടെ പ്രവചനം ഭാരതത്തിൽ തോട്ടയ്ക്കാട് എന്ന ഗ്രാമത്തിൽ സഫലമായി.

തോട്ടയ്ക്കാട് നിവാസികളായ മലങ്കര നസ്രാണികൾ പള്ളി സ്ഥാപിക്കുവാൻ തുടങ്ങിയപ്പോൾ ആരുടെ നാമത്തിൽ പള്ളി സ്ഥാപിക്കണം എന്ന കാര്യത്തിൽ ചെറിയ തർക്കം ഉണ്ടായി. വി. മാതാവിന്റെയും വി. ഗീവർഗീസ് സഹദായുടെയുമൊക്കെ പേരുകൾ വന്നെങ്കിലും പള്ളി സ്ഥാപിക്കുവാൻ വന്ന യൂയാക്കിം മാർ കൂറിലോസ് ആർക്കും പരിചിതമല്ലാതിരുന്ന മാർ അപ്രേം എന്ന പരിശുദ്ധന്റെ നാമം നിർദ്ദേശിച്ചു.

അഞ്ച് പരിശുദ്ധന്മാരുടെ പേരുകൾ 3 പ്രാവശ്യം കുറിയിട്ടപ്പോഴും 3 പ്രാവശ്യവും മാർ അപ്രേം എന്ന പേരു മാത്രം കിട്ടുകയും പള്ളിക്ക് അദ്ഭുതകരമായി മാർ അപ്രേം എന്ന പേരിടുകയും ചെയ്തു.

തോട്ടയ്ക്കാട് കരയ്ക്കും പരിയാരം കരയ്ക്കും മദ്ധ്യേ ഒന്നര നൂറ്റാണ്ടിനപ്പുറം പരിശുദ്ധനായ മാർ അപ്രേമിന്റെ നാമത്തിൽ ഭാരതത്തിൽ ആദ്യമായി ഈ ദേവാലയം സ്ഥാപിതമായി. ആ നാളുകളിൽ നാട്ടിൽ പടർന്നിരുന്ന കോളറ, വസൂരി തുടങ്ങിയ രോഗങ്ങൾ മൂലം ജനങ്ങൾ കഷ്ടപ്പെട്ടിരുന്നു. വസൂരി മൂലം വളരെപ്പേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. പരിശുദ്ധനായ മാർ അപ്രേമിന്റെ നാമത്തിലുള്ള ഈ ദൈവാലയം ഇവിടെ സ്ഥാപിതമായതോടെ ഈ രോഗം മൂലമുള്ള മരണങ്ങൾ ഇവിടെ കുറഞ്ഞു. രോഗവും ക്രമേണ നാട്ടിൽ നിന്നും അപ്രത്യക്ഷമായി. ജനങ്ങൾക്ക് പരിശുദ്ധനായ മാർ അപ്രേമിനോടുള്ള വിശ്വാസം വർദ്ധിക്കുവാൻ അക്കാലത്ത് അതൊരു കാരണമായി.

പരിശുദ്ധനായ മാർ അപ്രേമിനോടുള്ള മദ്ധ്യസ്ഥത മൂലം രോഗസൗഖ്യങ്ങളും സന്താനലബ്ധിയും കഷ്ടപ്പാടുകളിൽ നിന്നുള്ള മോചനവും ലഭിച്ചവർ നിരവധിയാണ്.

ഈ പരിശുദ്ധന്റെ ദിവ്യസാന്നിധ്യം അറിഞ്ഞ പുരോഹിതശ്രേഷ്ഠന്മാർ നമുക്കുണ്ടായിരുന്നു. രാത്രികാലങ്ങളിൽ സുറിയാനിയിൽ ശ്രവണമധുരമായ ഗീതങ്ങൾ കേട്ടിട്ടുള്ളവരും അക്കാലങ്ങളിൽ ഉണ്ടായിരുന്നു.

ദൈവം എല്ലാവർക്കും പ്രകാശം കിട്ടുമാറ് മാർ അപ്രേമിന്റെ നാമം നമ്മെ ഏൽപിച്ചിരിക്കുന്നു. കർത്താവ് ഏറെ സ്നേഹിക്കുന്ന മാർ അപ്രേമിന്റെ നാമം ഭാരതത്തിൽ സൂക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും നമ്മെ ഏല്പിച്ച ദൗത്യം നമുക്ക് നിർവഹിക്കാം.

അപ്രേം പിതാവേ,
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ

റോയി ജോൺ ചെത്തിക്കുളം
ഷാജി മാത്യു കാലായിൽ
എബി തോമസ്
കയ്യാലയ്ക്കകത്ത്
ജിബോയി ചക്കംചിറ
കുര്യൻ മാലത്ത്

അപ്രേം പിതാവേ,
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ

ബെന്നി പി. തോമസ്
പ്ലാപ്പറമ്പിൽ
ജേക്കബ് തോമസ്
കയ്യാലയ്ക്കകത്ത്
വർഗീസ് ചാണ്ടി
ചക്കാലയിൽ
ജഗു അഞ്ചേരി
കുഴിയാത്തുകടുപ്പിൽ
രാജു തോമസ്
കളപ്പുരയ്ക്കൽ
രാജൻ മാത്യു നാങ്കുന്നേൽ
ബോബൻ
ഒലിക്കര പീടികയിൽ
കൊച്ചുമോൻ
ഡി & ഡി ഹോട്ടൽ
കുഴിയാത്തുകടുപ്പിൽ

Edited, Printed and Published by Joice Thottackad on behalf of Malankara Orthodox TV. Mob: 9947120697. DTP & Printing: Sophia Print House, Kottayam